(ഡി) എത്ര ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതികൾക്കായി എറ്റെടുക്കുന്നതെന്നും എവിടൊക്കെയാണെന്നും വിശദീകരിക്കാമോ ;

(ഇ) ഈ പദ്ധതിപ്രകാരം ആകെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയ്ക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. 5 പദ്ധതിക്ക് ഒരു മെഗാവാട്ടിന് ഏഴുകോടി രൂപ പ്രകാരം ഇരുന്നൂറ് മെഗാവാട്ടിന് 1400 കോടി രൂപ മതിപ്പ് മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും (സെക്കി) കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്നാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഒരു മെഗാവാട്ട് സോളാർ പദ്ധതി സ്ഥാപിക്കുവാനായി ഏകദേശം 5 ഏക്കർ ഭൂമി ആവശ്യമായിട്ടുണ്ട്. അതുപ്രകാരം കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് പാർക്ക് സ്ഥാപിക്കുവാനായി 1000 ഏക്കർ ഭൂമി സർക്കാർ ലഭ്യമാക്കേണ്ടതുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) 200 മെഗാവാട്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

49 (4631) ശ്രീ. ജി. സുധാകരൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ.

(എ) 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള വൈദ്യുത പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണ് ; ഇവയിൽ പൂർത്തീകരിച്ചവ ഏതൊക്കെയാണ് ; ഇവയിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ് ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയും ആർ.ജി.ജി.വി.വൈ. പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്

(ബി) 1782 ലക്ഷം രൂപയുടെ ആർ.എ.പി.ഡി.ആർ.പി. പദ്ധതിക്കും 6.55 ലക്ഷം രൂപയുടെ ആർ.ജി.ജി.വി.വൈ. പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 6.34 ലക്ഷം രൂപയുടെ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയും 6.55 ലക്ഷം രൂപയുടെ ആർ.ജി.ജി.വി.വൈ. പദ്ധതിയും പൂർത്തീകരിച്ചു. ബാക്കിയുള്ള ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്.

ബൾബുകൾകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പഠനം

50 (4632) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബൾബുകളിൽ ഏതെല്ലാം ബൾബുകൾ മനുഷ്യനേത്രങ്ങൾക്ക് രോഗകാരണമാകുമെന്നും, ഫ്യൂസായ ബൾബുകൾ ഇറസ്സായ സ്ഥലത്തും വീട്ട കോമ്പൗണ്ടുകളിലും ഉപേക്ഷിക്കുന്നതുമൂലമുണ്ടാകുന്ന രോഗങ്ങൾ എന്തൊക്കെയാണെന്നും ഇതുമൂലം മനുഷ്യ ജീവനുണ്ടാകുന്ന പ്രശ്നങ്ങൾ എന്താണെന്നും സംബന്ധിച്ച് വൈദ്യുതി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പഠനം നടത്തിയിട്ടില്ലെങ്കിൽ ഒരു വിദഗ്ദ്ധ സംഘത്തിന്റെ പഠനത്തിന് എത്ര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ബൾബുകളുടെ ഉപയോഗശേഷം ഇവ നശിപ്പിക്കാതെ റോഡുകളിലും വീടുകളിലും നിക്ഷേപിക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെങ്കിലും അന്താരാഷ്ട്ര സംഘടനകളുടെ റിപ്പോർട്ടുകൾ വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; അത് ബോർഡ് പരിശോധിച്ച നടപടികൾ സ്വീകരിച്ചുവോ ;എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ സി.എഫ്.എൽ., ട്യൂബ് ലൈറ്റ് എന്നിവ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡൽഹിയിലെ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. ടി കമ്പനി തയ്യാറാക്കിയ വിശദപഠന റിപ്പോർട്ടിന്റെയും തുടർന്നുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly